ലായ പ്രധാന നദികൾക്കായി മൾട്ടി ഡിസിപ്ലിനറി റിവർ അതോറിറ്റികൾ രൂപീകരിക്കുന്നതിന് നടപടികൾ എടുത്തുവരുന്നു. ഇതിന്റെ ആദ്യപടിയായി പെരിയാറിന്റെ സംരക്ഷണത്തിനായി ഒരു 'റിവർ അതോറിറ്റി' രൂപീകരിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി വരികയാണ്. കൂടാതെ പെരിയാറിൽ ഉപ്പുവെള്ളം കയറി മലിനീകരണം സംഭവിക്കുന്നത് തടയാനായി മത്തുമ്മേൽ, പാതാളം എന്നീ സ്ഥലങ്ങളിൽ ഓരോ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുവാനും തീര സംരക്ഷണ പ്രവൃത്തികൾ ഏറ്റവും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടത്തുവാനും നടപടികൾ എടുത്തുവരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) നദികളിൽനിന്നും അനധികൃതമായും അനിയന്ത്രിതമായും മണൽ വാരുന്നതുമൂലം ഉളവായ ചില പ്രശ്നങ്ങളുടേയും ഹൈക്കോടതിയിൽ ഫയൽ ചെയ്ത ചില കേസുകളുടേയും വെളിച്ചത്തിൽ കേരളത്തിലെ 9 നദികളെ സർക്കാർ ഏറ്റെടുക്കുകയും ഈ നദികളിൽ നിന്ന് മണൽവാരുന്ന കാര്യത്തിൽ കർശന നിയന്ത്രണങ്ങൾ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. പെരിയാർ നദിയിൽനിന്നും മണൽവാരുന്നതുമൂലം പരിസ്ഥിതിക്കുണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധസമിതി ഒരു പെരിയാർ ആക്ഷൻ പ്ലാനിന് രൂപം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് പെരിയാർ സംരക്ഷണത്തിനായി ഒരു 'റിവർ അതോറിറ്റി' രൂപീകരിക്കാനുള്ള നടപടികളും തയ്യാറാക്കി വരുന്നു.

(ഡി) ശുദ്ധജല വിതരണപദ്ധതികളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലോ മലിനീകരണം വർദ്ധിപ്പിക്കുന്ന തരത്തിലോ മറ്റാവശ്യങ്ങൾക്ക് വെള്ളം നൽകാൻ അനുമതി നൽകിയിട്ടില്ല.

9 (*562) ചലച്ചിത്ര വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ നടപടി

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> :
<u>ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്</u> :
<u>ശ്രീ. ടി.കെ. ബാലൻ</u> :
<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചലച്ചിത്ര വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കാൻ ചലച്ചിത്ര അക്കാദമി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ചലച്ചിത്ര വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കാനായി സർവ്വകലാശാലകളും കോളേജുകളുമായി സഹകരിച്ച് ചലച്ചിത്ര അക്കാദമി പുതിയ പദ്ധതി ആവിഷ്കരിക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഫിലിം സൊസൈറ്റികൾ ചലച്ചിത്രകലയെ സംബന്ധിച്ച് അനൗപചാരിക പഠനങ്ങളും സെമിനാറുകളും നടത്തി വരുന്നതായി സർക്കാരിന് അറിവുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ ഫിലിം സൊസൈറ്റികൾ നടത്തിവരുന്ന പഠനങ്ങളും പ്രവർത്തനങ്ങളും ഏകീകരിക്കുന്നതിന് ചലച്ചിത്ര അക്കാദമി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ചലച്ചിത്രകലയെ സംബന്ധിച്ച ഉത്തമ ഗ്രന്ഥങ്ങൾ, വീഡിയോകൾ എന്നിവയ്ക്ക് ചലച്ചിത്ര അക്കാദമിവഴി പ്രചാരണം നൽകാൻ നടപടി സ്വീകരിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) സംസ്ഥാനത്ത് ചലച്ചിത്ര വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് ചില കർമ്മ പരിപാടികൾ ചലച്ചിത്ര അക്കാദമി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ചലച്ചിത്ര പഠനം സർവ്വകലാശാലാതലത്തിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി ഒരു സിലബസ് തയ്യാറാക്കി സർവ്വകലാശാലകൾക്കു സമർപ്പിക്കുക, സിലബസ് അംഗീകരിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ കോഴ്സുകൾ തുടങ്ങാനും സർവ്വകലാശാലകളെ പ്രേരിപ്പിക്കുക, വലിയ ഫീസ് വാങ്ങി ശരിയായ രീതിയിൽ പഠിപ്പിക്കാതിരിക്കുന്ന സ്വകാര്യഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് ബാധകമാകുന്ന രീതിയിൽ ഒരു പൊതു സിലബസ് തയ്യാറാക്കി അംഗീകരിപ്പിക്കുക എന്നീ പ്രവർത്തനങ്ങളാണ് അക്കാദമി ഉദ്ദേശിക്കുന്നത്.

(സി) ചലച്ചിത്ര പഠനത്തെ സംബന്ധിച്ച് അക്കാദമി തയ്യാറാക്കുന്ന സിലബസ് സർവ്വകലാശാലകളുടെ അംഗീകാരം ലഭ്യമാക്കുന്നതിലും അതനുസരിച്ച് കോഴ്സുകൾ ആരംഭിക്കുന്നതിനും സഹകരിച്ചു പ്രവർത്തിക്കുക എന്ന കർമ്മ പദ്ധതിയാണ് അക്കാദമി ഇപ്പോൾത്തന്നെ സ്വീകരിച്ചിട്ടുള്ളത്.

(ഡി) ഫിലിം സൊസൈറ്റികളുടെ ആഭിമുഖ്യത്തിൽ ചലച്ചിത്രകലയെ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുള്ളതായി അറിവില്ല. എന്നാൽ ഫിലിം സൊസൈറ്റി അംഗങ്ങളായ ചലച്ചിത്ര പ്രവർത്തകരും വിമർശകൻമാരും വ്യക്തികളെന്ന നിലയിൽ ചലച്ചിത്രകലയെക്കുറിച്ച് പഠനം നടത്തി ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളതായി അറിയാം. സൊസൈറ്റികൾ നടത്തുന്ന ഫിലിം പ്രദർശന പരിപാടികളുടേയും ചലച്ചിത്രാസ്വാദന ക്യാമ്പുകളുടെയും ഭാഗമായി സെമിനാറുകൾ നടത്തിയിട്ടുള്ളതായി അറിയാം.

(ഇ) ഫിലിം സൊസൈറ്റികളുടെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നതിനെ സംബന്ധിച്ചും ആ പ്രവർത്തനത്തിൽ ചലച്ചിത്ര അക്കാദമിയുടെ പങ്കാളിത്തത്തെക്കുറിച്ചും രൂപരേഖ തയ്യാറാക്കാനായി ശ്രീ. കണിയാപുരം രാമചന്ദ്രൻ ചെയർമാനും ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റി ജനറൽ സെക്രട്ടറി ശ്രീ. എസ്. സുരേഷ്ബാബു, ശ്രീ. എ. മീരാസാഹിബ് എന്നിവർ അംഗങ്ങളുമായി ഒരു സബ്കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഈ രൂപരേഖയുടെ അടിസ്ഥാനത്തിൽ അക്കാദമി ഫിലിം സൊസൈറ്റികളുടെ പ്രവർത്തനങ്ങൾക്ക് സഹായം നൽകുകയും അതിൽ പങ്കാളിയാവുകയും ചെയ്യും.

(എഫ്) ഫിലിം സൊസൈറ്റികളുമായി സഹകരിച്ച് ജനകീയാസ്വാദനത്തിന്റെ ഭാഗമായി ഗ്രാമ പ്രദേശങ്ങളിലും മുനിസിപ്പൽ വാർഡ് തലങ്ങളിലും ഉത്തമ ചിത്രങ്ങളുടെ പ്രദർശന പരിപാടികളും ആസ്വാദന ക്യാമ്പുകളും അക്കാദമി നടത്തിവരുന്നു. ചലച്ചിത്രകലയെ സംബന്ധിച്ച് ഉത്തമ ഗ്രന്ഥങ്ങളും വീഡിയോ ചിത്രങ്ങളും ഇത്തരം സന്ദർഭങ്ങളിൽ പ്രദർശിപ്പിക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly